**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1621** **19-09-2025 - ൽ മറുപടിയ്ക്ക്**

**ലാൻഡ് അക്വിസിഷൻ നടപടികളുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ആര്യാടൻ ഷൗക്കത്ത് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ഗവൺമെന്റ് കോളേജിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടും അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ അമരമ്പലം വില്ലേജിൽ നിന്നും നിലമ്പൂർ ഗവ.ആർട്സ് & സയൻസ് കോളേജ് നിർമ്മാണത്തിനു വേണ്ടി 2.0235 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അവാർഡ് നടപടികൾ ആണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. പ്രസ്തുത പദ്ധതിക്കായി അർത്ഥനാധികാരി നഷ്ടപരിഹാരയിനത്തിൽ 3,78,03,723/-രൂപ (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി മൂവായിരത്തി എഴുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ഒടുക്ക് വരുത്തിയിട്ടുള്ളതാണ്. 9,92,162/-രൂപ (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി ഒരുന്നൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) കൂടി 30-09-2025 തീയതി കണക്കാക്കി നഷ്ടപരിഹാരയിനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കി അവാർഡ് നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് ഒഴിവാക്കി ലാൻഡ് അക്വിസിഷൻ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ അമരമ്പലം വില്ലേജിൽ നിന്നും നിലമ്പൂർ ഗവ.ആർട്സ് & സയൻസ് കോളേജ് നിർമ്മാണത്തിനു വേണ്ടി 2.0235 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അവാർഡ് നടപടികൾ ആണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. പ്രസ്തുത പദ്ധതിക്കായി അർത്ഥനാധികാരി നഷ്ടപരിഹാരയിനത്തിൽ 3,78,03,723/-രൂപ (മൂന്ന് കോടി എഴുപത്തിയെട്ട് ലക്ഷത്തി മൂവായിരത്തി എഴുന്നൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ഒടുക്ക് വരുത്തിയിട്ടുള്ളതാണ്. 9,92,162/-രൂപ (ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി ഒരുന്നൂറ്റി അറുപത്തിരണ്ട് രൂപ മാത്രം) കൂടി 30-09-2025 തീയതി കണക്കാക്കി നഷ്ടപരിഹാരയിനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കി അവാർഡ് നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ